12.07 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ധർമ്മടം മണ്ഡലത്തിലെ മമ്പറം പാലം നിർമ്മാണത്തിന് നബാർഡ്-XVI പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി കിട്ടാത്തതുകൊണ്ട് തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി കൊടുക്കുന്നതാണ്. മണക്കായിക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ ഭരണാനുമതി നൽകുകയും 13-12-2011-ൽ പ്രവൃത്തി ആരംഭിച്ച് മണക്കായി ഭാഗത്തെ ഒരു അബെട്ട്മെന്റ് പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ മട്ടന്നൂർ ഭാഗത്തെ അബെട്ട്മെന്റ് നിർമ്മാണത്തിന് മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നൽകാമെന്ന് സമ്മതിച്ചിരുന്ന ഭൂമി ലഭ്യമാകാത്തതിനാൽ കരാറുകാരന് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 12-3-2014-ൽ ഈ പ്രവൃത്തിയിൽനിന്നും കരാറുകാരനെ നിരുപാധികം ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മട്ടന്നൂർ മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറിയിട്ടുണ്ട്. അതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് പഴയ പ്രവൃത്തിയുടെ അതേ നിരക്കിൽ തയ്യാറാക്കിയ അടങ്കലിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തി ഒരാഴ്ചയ്ക്കുള്ളിൽ ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കാവുന്നതാണ്.

## 23. പാലങ്ങളുടെ പുനർനിർമ്മാണം

12.07 PM]

ശ്രീ. സി. കെ. നാണു: സർ, വടകര-കൊയിലാണ്ടി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ എൻ.എച്ച്.-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്തുള്ള പ്രസ്തുത പാലത്തിന്റെ കാലാവധി കഴിഞ്ഞിട്ട് വർഷങ്ങളായി. ഈ പാലത്തിലൂടെയാണ് കണ്ടെയ്നർ ലോറികൾ പോകുന്നത്. സ്ഥലം എടുത്തിട്ടുണ്ട്, അവിടെ അപകടങ്ങൾക്കുള്ള സാധ്യതയുമുണ്ട്. ആ പാലം പുതുക്കി പണിയാനാവശ്യമായ നടപടി ആരംഭിക്കണം.

ആ റോഡ് കഴിഞ്ഞ് വടക്കോട്ട് വരുമ്പോൾ എൻ.എച്ച്. 47-ലാണ് പാലോളി പാലവും കരിമ്പന പാലവും. അവയും ഒരു കിലോമീറ്ററിനകത്തുള്ളതാണ്. നാഷണൽ ഹൈവേയിലെ ഈ രണ്ട് പാലത്തിന്റെയും ഇരുസൈഡിലേയും കൈവരികൾ തകർന്ന് പലപ്പോഴും രാത്രിയിൽ വരുന്ന ലോറികൾ അപകടത്തിൽപ്പെട്ട് പല

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും അപകടം സംഭവിക്കുകയും മരണപ്പെടുകയുമുണ്ടായിട്ടുണ്ട്. വടകര മുനിസിപ്പാലിറ്റി ചെയർമാനും മറ്റെല്ലാവരും അവിടെ വലിയ സമരങ്ങളും റോഡ് തടയാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. ഇവ സ്ഥിതി ചെയ്യുന്നത് കടകളൊക്കെയുള്ള സ്ഥലത്താണ്. ഇത് വളരെ അപകടകരമാണ്. നാഷണൽ ഹൈവേയുടെ ഉദ്യോഗസ്ഥർതന്നെ വളരെ ബുദ്ധിമുട്ടിയാണ് രണ്ട് സൈഡും തകരുന്ന അവസരത്തിൽ ഇടയ്ക്കിടെ വന്ന് സിഗ്നൽ മാറ്റിവയ്ക്കുന്നത്. അതുകൊണ്ട് കരിമ്പന പാലത്തിന്റെയും പാലോളി പാലത്തിന്റെയും പ്രശ്നം അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

12.08 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച് 17-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണെങ്കിലും അതിന് ഘടനാപരമായി യാതൊരു തകരാറുമില്ല. വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. എൻ.എച്ച് -17 നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ നിലവിലുള്ള ഈ പാലം നിലനിർത്തിക്കൊണ്ടുതന്നെ സമാന്തരമായി പുതിയ പാലം നിർമ്മിക്കാം. എൻ.എച്ച്.-17-ലെ കരിമ്പന പാലം, പാലോളി പാലം എന്നിവ പുതുക്കിപ്പണിയുന്നതിന് യഥാക്രമം 42.2 കോടി രൂപയുടേയും 20.76 കോടി രൂപയുടേയും എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും അനുമതിക്കുള്ള സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയുമാണ്; അത് ലഭിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി പാലോളി പാലത്തിന്റെ കൈവരി പുതുക്കിപ്പണിയുന്നതിന് 1,40,000 രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്, ടെണ്ടർ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

## 24. പട്ടിക വർഗ്ഗകോളനികളിലെ പ്രശ്നങ്ങൾ

12.11 PM]

ശ്രീ. ബി. ഡി. ദേവസ്സി: സർ, ആദിവാസികളുടെ വിവിധ ജീവിതപ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനി നിവാസികൾക്ക് കൃഷിക്കും വീടുവയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കുമ്പുഴ തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly